# പുതിയ സ്വാതന്ത്ര്യ സമരങ്ങൾ

ഡോ. വി. ശശി കുമാർ

സ്വാതന്ത്ര്യം തന്നെ അമൃതം,
സ്വാതന്ത്ര്യം തന്നെ ജീവിതം,
പാരതന്ത്ര്യം മാനികൾക്ക്,
മൃതിയേക്കാൾ ഭയാനകം.

— കുമാരനാശാൻ

സ്വാതന്ത്ര്യം തന്നെയാണ് മനുഷ്യർക്ക് ഏറ്റവും പ്രധാനം. അതുകൊണ്ടാവണമല്ലോ ഇത്രവളരെ സ്വാതന്ത്ര്യസമരങ്ങൾ നാം കാണുന്നത്. അത് രാഷ്ട്രീയ സ്വാതന്ത്ര്യത്തിനാവാം. വ്യക്തി സ്വാതന്ത്ര്യത്തിനാവാം. പഠന സ്വാതന്ത്ര്യത്തിനാവാം. ചരിത്രത്തിലെ ഒരു പ്രധാന ഭാഗം തന്നെയാണ് സ്വാതന്ത്ര്യ സമരങ്ങൾ. കരുത്തുള്ളവർ ഇല്ലാത്തവരെ ചൂഷണം ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നിടത്തോളം കാലം ഇത്തരം സമരങ്ങൾ തുടർന്നുകൊണ്ടിരിക്കും. സമൂഹത്തിന്റെയും സാങ്കേതികവിദ്യയുടെയും സ്വഭാവം മാറുന്നതനുസരിച്ച് ചൂഷണത്തിന്റെ സ്വഭാവവും മാറിക്കൊണ്ടിരിക്കുമല്ലോ. അതനുസരിച്ച് സ്വാതന്ത്ര്യസമരത്തിന്റെ മാർഗ്ഗങ്ങളും മാറ്റേണ്ടിവരും. പലപ്പോഴും സ്വാതന്ത്ര്യം അപഹരിക്കപ്പെടുന്നത് നമുക്ക് വ്യക്തമായി തിരിച്ചറിയാൻ പറ്റാത്ത രീതിയിലായിരിക്കും—വിശേഷിച്ച് സ്വാതന്ത്ര്യത്തേക്കുറിച്ചുള്ള അവബോധം വളർന്നുവരുന്ന ഈ കാലഘട്ടത്തിൽ. നമ്മുടെ രാജ്യത്ത് എങ്ങനെ കാര്യങ്ങൾ നടത്തണമെന്ന് തീരുമാനിക്കാനുള്ള നമ്മുടെ സ്വാതന്ത്ര്യം ആഗോളവൽക്കരണത്തിന്റെ പേരിൽ നമുക്ക് കുറേശ്ശെ കുറേശ്ശെ നഷ്ടപ്പെടുന്നത് ശ്രദ്ധിച്ചുകാണുമല്ലോ. ഇന്നത്തെ ഡിജിറ്റൽ ലോകത്തിൽ വിവരവിനിമയസാങ്കേതികവിദ്യ സാദ്ധ്യമാക്കുന്ന സ്വാതന്ത്ര്യങ്ങൾ നമുക്കു നഷ്ടമാകുന്നതെങ്ങിനെ, അത് തിരിച്ചുപിടിക്കുന്നതെങ്ങനെ, എന്നതിനേയൊക്കെപ്പറ്റി നമുക്ക് ഇവിടെ ചർച്ച ചെയ്യാം.

മനുഷ്യൻ സൃഷ്ടിച്ചിട്ടുള്ളവയിൽ വെച്ച് ഏറ്റവും സാദ്ധ്യതകൾ നിറഞ്ഞ, പ്രയോജനപ്രദമായ, സാങ്കേതികവിദ്യകളിൽ ഒന്നാണല്ലോ വിവരവിനിമയ സാങ്കേതികവിദ്യ (Information Communication Technology, ICT). ഈ സാങ്കേതിക വിദ്യയുടെ പ്രയോജനം, മറ്റ് ഏത് സാങ്കേതികവിദ്യയുടേതുമെന്നപോലെ, സമൂഹത്തിന് ലഭിക്കേണ്ടതല്ലേ? കുറച്ചു വ്യക്തികൾക്കോ ചില വ്യവസായ സ്ഥാപനങ്ങൾക്കോ മാത്രം ലഭിക്കേണ്ടതല്ല എന്നു വിശ്വസിക്കുന്നതിൽ തെറ്റില്ലല്ലോ. അങ്ങനെയല്ല എന്ന് ആരും വാദിക്കും എന്നു തോന്നുന്നില്ല. എന്നാൽ ഇന്നത്തെ അവസ്ഥയിൽ ഈ സാങ്കേതിക വിദ്യയുടെ എല്ലാ ഗുണങ്ങളും സമൂഹത്തിനു ലഭിക്കുന്നില്ല എന്നതല്ലേ സത്യം? ഇതിനു കാരണം ഈ പുതിയ സാങ്കേതിക വിദ്യയുടെ പൂർണ്ണ ഫലം സമൂഹത്തിനു ലഭിക്കാൻ സഹായിക്കുമാറ് നിയമങ്ങൾ മാറിയിട്ടില്ല എന്നതാണെന്നു കാണാൻ പ്രയാസമുണ്ടാവില്ല. നിയമങ്ങൾ ഇപ്പോഴും പഴയ സാങ്കേതിക വിദ്യയ്ക്ക് ഉതകുന്ന വിധത്തിൽ തന്നെ നിലനിൽക്കുകയാണല്ലോ. നിയമങ്ങളിൽ മാറ്റങ്ങളൊന്നും വന്നിട്ടില്ലല്ലോ. എന്നുതന്നെയല്ല, ചിലർക്കുമാത്രം പ്രയോജനപ്പെടുമാറ് ആ നിയമങ്ങൾ കൂടുതൽ ശക്തമാവുകയും ചെയ്തിരിക്കുന്നു. ഏതാനും ബഹുരാഷ്ട്ര കുത്തക കമ്പനികളെ മാത്രമാണ് ഈ നിയമങ്ങൾ സഹായിക്കുന്നത് എന്നതല്ലേ സത്യം?

എങ്ങനെയാണിതു സംഭവിക്കുന്നത് എന്നു പരിശോധിക്കാം. പകർപ്പവകാശം എന്ന അവകാശം, അതിനുള്ള നിയമം, എന്നിവയിൽ നിന്നാണ് ഇത് തുടങ്ങുന്നത്. അല്പം ചരിത്രത്തിൽ നിന്നു തുടങ്ങാം. ഒരു ഗ്രന്ഥകർത്താവിന്റെ കൃതി മറ്റാരെങ്കിലും അച്ചടിച്ച് വിറ്റ് മൂലകർത്താവിനു ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടാതിരിക്കാനാണ് പകർപ്പവകാശനിയമം ഉണ്ടാക്കിയതത്രെ. പതിനെട്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇംഗ്ലണ്ടിലായിരുന്നു ആദ്യമായി ഇത്തരം നിയമം ഉണ്ടായത്. ഈ നിയമം കൊണ്ടുള്ള

പ്രയോജനം ഗ്രന്ഥകർത്താക്കൾക്കായിരുന്നു. ഒരു കൃതി പ്രസിദ്ധീകരിക്കാനുള്ള അവകാശം 28 വർഷത്തേക്ക് ഗ്രന്ഥകർത്താവിനു മാത്രമായി പരിമിതിപ്പെടുത്തിക്കൊണ്ടുള്ളതായിരുന്നു ഈ നിയമം. 28 വർഷം കഴിയുമ്പോൾ കൃതി സമൂഹത്തിന്റെ പൊതുസ്വത്തായിത്തീരും. സമൂഹത്തിന്റെ ഗുണത്തിനായി സ്രഷ്ടാക്കളെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ആദ്യകാലത്ത് ഇംഗ്ലണ്ട്, സ്കോട്ട്ലന്റ്, വെയ്ൽസ് എന്നീ പ്രദേശങ്ങളിൽ മാത്രമെ ഈ നിയമം ഉണ്ടായിരുന്നുള്ളൂ. മറ്റു പ്രദേശങ്ങളിൽ കൃതികൾ പുനപ്രസിദ്ധീകരിക്കുന്നതിന് യാതൊരു നിയന്ത്രണവുമില്ലായിരുന്നു.

1790ൽ അമേരിക്കൻ പകർപ്പവകാശനിയമം ഉണ്ടായപ്പോൾ ഗ്രന്ഥകർത്താവിന് 14 വർഷത്തേക്കാണ് പൂർണ്ണാവകാശം നൽകിയത് — ജീവിച്ചിരിക്കുന്നെങ്കിൽ പതിനാലു വർഷത്തേക്കുകൂടി നീട്ടാം എന്ന സാദ്ധ്യതയോടെ. ഇത്തരം നിയമം മറ്റു രാജ്യങ്ങളിലും വരികയും 1886ൽ ബേൺ കൺവെൻഷനിലൂടെ ഈ നിയമം ഏതാണ്ട് സാർവ്വലൗകികമാകുകയും ചെയ്തു. ക്രമേണ പകർപ്പവകാശത്തിന്റെ കാലാവധി ഏറിവന്നു. ഏതാണ്ട് പത്തു വർഷം മുൻപ് അമേരിക്കയിൽ ഇത് സൃഷ്ടികർത്താവിന്റെ മരണത്തിനുശേഷം 70 വർഷം വരെയാക്കി നീട്ടി. സ്പഷ്ടമായും ഇത് സൃഷ്ടികർത്താവിനെ സഹായക്കാനല്ല. പിന്നെന്തിന്? പകർപ്പവകാശം കൈവശം വച്ചിരിക്കുന്ന വ്യക്തിക്കോ കമ്പനിക്കോ മാത്രമേ ഇതുകൊണ്ട് പ്രയോജനമുണ്ടാവൂ എന്നു വ്യക്തമല്ലേ. മിക്കപ്പോഴും പ്രസിദ്ധീകരണ കമ്പനികളുടെ കൈവശമാണ് പകർപ്പവകാശം ഉണ്ടാവുക. മിക്കി മൗസിന്റെ സ്രഷ്ടാവായ വാൾട്ട് ഡിസ്നിയുടെ കമ്പനിയുടെ ശ്രമത്താലാണ് ഈ നിയമം ഉണ്ടായത് എന്നതുകൊണ്ട് ഇത് മിക്കിമൗസ് നിയമം എന്ന പേരിൽ അറിയപ്പെടുന്നുണ്ട്. ഇത്ര അന്യായമായ കാലയളവിലേക്ക് പകർപ്പവകാശം നീട്ടിയതിന്റെ പ്രതിഷേധമായിട്ടുള്ള കളിയാക്കൽ കൂടി ഈ പേരിലുണ്ട് എന്നു തോന്നുന്നില്ലേ?

ഇവിടെ ഒരു കാര്യം കൂടി സൂചിപ്പിക്കട്ടെ. മുമ്പൊരിക്കൽ യേശുദാസ് പാടിയ ഗാനങ്ങൾ അരെങ്കിലും പൊതുസ്ഥലത്ത് പാടിയാൽ അതിന് പണമടയ്ക്കണം എന്ന് അദ്ദേഹത്തിന്റെ പുത്രൻ പറഞ്ഞതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. പിന്നീട് യേശുദാസ് തന്നെ അത് മാറ്റിപ്പറയുകയുണ്ടായി. എങ്കിലും ഇങ്ങനെ ഗാനങ്ങൾ പൊതുസ്ഥലത്ത് പാടുന്നതിനു മുമ്പ് ഏതൊക്കെ പാട്ടുകൾ പാടാനുദ്ദേശിക്കുന്നുവൊ, മുൻകൂട്ടി പണമടച്ച് അവ പാടുന്നതിനുള്ള അനുവാദം മേടിച്ചിരിക്കണമെന്നും അതിന് തങ്ങൾ സഹായിക്കുമെന്നും അവകാശപ്പെടുന്ന ഒരു വെബ് സൈറ്റുണ്ട്. (http://www.pplindia.org/ നോക്കു). ഇതിന്റെ ലോജിക്ക് മനസിലാക്കാൻ കുറച്ചു പ്രയാസമുണ്ടെന്നു തോന്നുന്നില്ലേ? ഒരു ചലച്ചിത്രമുണ്ടാക്കുമ്പോൾ അതിനു വേണ്ടി പാട്ടുണ്ടാക്കാൻ ചിലരെ ഏൽപ്പിക്കുന്നു. അതിനുള്ള പ്രതിഫലം അവർക്ക് പ്രൊഡ്യൂസർ നൽകുകയും ചിത്രം കാണുന്നവരുടെ പക്കൽ നിന്ന് അദ്ദേഹത്തിന് അത് തിരികെ ലഭിക്കുകയും ചെയ്യുന്നു. ചിത്രം മോശമായിപ്പോയതുകൊണ്ട് വരവ് മോശമായാൽ അതദ്ദേഹം സഹിച്ചേ പറ്റൂ, ഇല്ലേ? അതുപോലെ, പാട്ടുകൾ നന്നായാലും മോശമായാലും പാട്ടുണ്ടാക്കിയവർക്ക് അദ്ദേഹം പണം കൊടുത്തേ തീരൂ. അപ്പോൾ പാട്ടുണ്ടാക്കുന്നവർ തങ്ങളുടെ ജോലി തീർത്ത് അതിനുള്ള പണവും മേടിച്ചു കഴിഞ്ഞിരിക്കുന്നു. ഇനിയാ പാട്ടുകൾ മറ്റാരെങ്കിലും പാടിയാലും പണം പാട്ടുണ്ടാക്കിയവർക്കെല്ലാം നൽകണം എന്നു പറയുന്നതിന്റെ ലോജിക്കാണ് മനസിലാകാത്തത്. പാട്ടെഴുതിയ വ്യക്തി ഓരോ പ്രാവശ്യവും അക്ഷരമെഴുതുമ്പോൾ എഴുതാൻ പഠിപ്പിച്ച അദ്ധ്യാപകന് പണം കൊടുക്കുന്നുണ്ടോ? സംഗീതസംവിധായകനും ഗായകനും ഗായികയും പാടുമ്പോൾ തങ്ങളെ സംഗീതം പഠിപ്പിച്ചവർക്കും കീർത്തനങ്ങൾ രചിച്ചവർക്കും പണം നൽകുന്നുണ്ടോ? ഇല്ലല്ലോ. പിന്നെന്തിന് ഇങ്ങനെയൊരു നിയമം?

അച്ചടി എന്ന സാങ്കേതിക വിദ്യയുടെ വരവോടെയാണ് പകർപ്പവകാശ നിയമത്തിന് പ്രസക്തിയുണ്ടായത്. അതിനു മുൻപ് ഗ്രന്ഥങ്ങളുടെ അനേകം പകർപ്പുകളുണ്ടാക്കി വിൽക്കുക എന്നത് പ്രാവർത്തികമല്ലായിരുന്നല്ലൊ. എന്നാൽ അച്ചടി എന്ന സങ്കേതം ഉണ്ടായപ്പോൾ ആയിരക്കണക്കിന്

പകർപ്പുകളുണ്ടാക്കി കച്ചവടം ചെയ്യുന്നതു് എളുപ്പമായി. അങ്ങനെ കച്ചവടം ചെയ്യുമ്പോൾ അതുകൊണ്ടുള്ള സാമ്പത്തിക നേട്ടം ഗ്രന്ഥകർത്താവിനുകൂടി ലഭിക്കാനാണ് പകർപ്പവകാശനിയമം കൊണ്ടുവന്നത്. സൃഷ്ടിപരമായ കഴിവുകളുള്ളവരെക്കൊണ്ട് സമൂഹത്തിനു പ്രയോജനമുണ്ടാവണം എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ഇത്തരം കഴിവുകളുള്ളവരെ പ്രോത്സാഹിപ്പിക്കാനായിട്ടായിരുന്നു ഇങ്ങനെ ഒരു നിയമം കൊണ്ടുവന്നതു്.

എന്നാലിന്ന് പുതിയൊരു സാങ്കേതികവിദ്യ നമുക്കുണ്ട്—വിവരവിനിമയ സാങ്കേതികവിദ്യ. ഗ്രന്ഥങ്ങളോ, ചിത്രങ്ങളോ, ചലച്ചിത്രങ്ങളോ, സംഗീതമോ ഒക്കെ ഡിജിറ്റൽ രൂപത്തിൽ അനേകായിരമോ ലക്ഷക്കണക്കിനോ വ്യക്തികളുടെ പക്കലെത്തിക്കാൻ, അവർ ലോകത്തെവിടെയായാലും, ഒരു നിമിഷം മതി. അതിനുള്ള ചെലവോ, നിസ്സാരവും. അപ്പോൾ ഈ സാങ്കേതിക വിദ്യയുടെ പ്രയോജനം ജനങ്ങൾക്ക് കിട്ടണമെങ്കിൽ ഇത്തരം സാംസ്കാരിക സൃഷ്ടികളുടെ വിതരണത്തിന് നിയന്ത്രണമുണ്ടാവരുതു് എന്ന കാര്യം വ്യക്തമല്ലേ? പലർക്കും ഞെട്ടലുണ്ടാക്കുന്നതായിരിക്കും ഈ ആശയം. ഇങ്ങനെ പകർപ്പവകാശനിയമം അനുസരിച്ചുള്ള നിയന്ത്രണമില്ലെങ്കിൽ കൃതിയുടെ കർത്താവിന് സാമ്പത്തിക നഷ്ടമുണ്ടാവില്ലേ എന്ന ചോദ്യം സ്വാഭാവികമായുണ്ടാവാം. അതിൽ ന്യായമുണ്ട്.

എന്നാൽ അതിന് പകർപ്പവകാശനിയമം തന്നെ വേണോ, അതുകൊണ്ട് ആർക്കാണ് പ്രയോജനം എന്ന കാര്യമൊന്നു പരിശോധിക്കാം. നമുക്കു പരിചയമുള്ളതെല്ലാം തന്നെയാണ് ശരി എന്നു നമുക്കു സ്വാഭാവികമായുണ്ടാകുന്ന തോന്നൽ ഒരു നിമിഷത്തേക്ക് മാറ്റി വയ്ക്കാം. എഴുതിത്തുടങ്ങുന്ന ഏത് സാഹിത്യകാരനും ആഗ്രഹിക്കുന്നത് തന്റെ കൃതികൾ കഴിയുന്നത്ര ആൾക്കാർ വായിക്കണം, എന്നല്ലേ? എഴുതാൻ ശ്രമിച്ചിട്ടുള്ള എല്ലാവർക്കും അറിയാവുന്നതാണല്ലോ ഈ കാര്യം. ആദ്യമായി ഒരു കൃതി പ്രസിദ്ധീകരിച്ചു കാണാൻ എത്ര കഷ്ടപ്പെടാറുണ്ട്! എഴുത്തുകൊണ്ട് പണമുണ്ടാക്കി ജീവിക്കാം എന്നു ചിന്തിച്ചുകൊണ്ട് എഴുതിത്തുടങ്ങുന്നവരുണ്ടോ എന്നറിയില്ല. ഉണ്ടെങ്കിൽ തന്നെ വളരെ വിരളമാവാനേ സാദ്ധ്യതയുള്ളൂ. ആദ്യകാലത്ത് വരുമാനമുണ്ടാകാൻ തന്നെ വിഷമമായിരിക്കും. പലപ്പോഴും ചെലവായിരിക്കും കൂടുതൽ. പിന്നീട് എഴുതി പ്രശസ്തനായിക്കഴിയുമ്പോഴാണ് പണം ലഭിച്ചു തുടങ്ങുന്നത്. എന്നാൽതന്നെ അതുകൊണ്ട് ജീവിതച്ചെലവ് നടത്താൻ സാധിക്കുന്നവർ വിരളമാണ്. അരുന്ധതി റോയേപ്പോലെ വലിയ തുകകൾ സമ്പാദിക്കാൻ പറ്റുന്നവർ അപൂർവ്വവും.

പകർപ്പവകാശം കൈവശമുണ്ടെങ്കിൽത്തന്നെ ഉയർന്ന നിലവാരമുള്ള കൃതിയാണെങ്കിലോ അല്ലെങ്കിൽ കർത്താവ് പ്രശസ്തനാണെങ്കിലോ മാത്രമെ പ്രയോജനമുള്ളല്ലോ. മാസികകളിലും മറ്റും പ്രസിദ്ധീകരിക്കുന്ന കൃതികളുടെ പകർപ്പവകാശം മിക്ക സന്ദർഭങ്ങളിലും കർത്താവിന്റെ പക്കൽ തന്നെയാണുണ്ടാവുക. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചാൽ വിറ്റുവരവിൽ നിന്നുള്ള ലാഭത്തിന്റെ വലിയ ഭാഗവും ലഭിക്കുന്നത് പ്രസാധകനാണ്. ഏതാണ്ടിതുപോലൊക്കെ തന്നെയാണ് മറ്റു കലാസാംസ്കാരിക കൃതികളുടെ കാര്യത്തിലും. പാശ്ചാത്യ സംഗീത ഗ്രൂപ്പുകളിൽ ചിലർ തന്നെ അവരുടെ സംഗീതം സ്വതന്ത്രമായി വിതരണം ചെയ്യുന്നതാണ് അവർക്ക് ഗുണം ചെയ്യുന്നത് എന്ന് ചില വെബ് സൈറ്റുകളിൽ എഴുതിയിട്ടുണ്ട്. അവർക്ക് കൂടുതൽ വരുമാനം ലഭിക്കുന്നത് കച്ചേരികളിൽ നിന്നാണത്രെ. അവരുടെ സംഗീതം കൂടുതൽ പേർ കേട്ടാൽ അവർക്ക് കൂടുതൽ കച്ചേരികൾ ലഭിക്കാനിടയാവും. സംഗീതം സ്വതന്ത്രമാകുന്നതിന് എതിരായി നിൽക്കുന്നത് അവിടത്തെ സംഗീതവ്യവസായമാണ്. കാരണം അവർക്കാണ് അതുകൊണ്ട് നഷ്ടം ഉണ്ടാവുന്നതു് (ഉദാഹരണമായി http://news.cnet.com/2010-1071-944488.html നോക്കുക).

അങ്ങനെ, ഇന്ന് പ്രചാരത്തിലുള്ള സാങ്കേതിക വിദ്യയുടെ സാഹചര്യത്തിൽ, സാഹിത്യ കലാ സൃഷ്ടികൾ സ്വതന്ത്രമായി വിതരണം ചെയ്യുന്നതാണ് സമൂഹത്തിന് ഏറ്റവും ഗുണം ചെയ്യുന്നതു്. അപ്പോൾ ആ സൃഷ്ടികൾ കൂടുതൽ എളുപ്പത്തിൽ കൂടുതൽ ആൾക്കാരുടെ പക്കലെത്തും. അതു തന്നെ അവ സൃഷ്ടി

ച്ചവർക്ക് കൂടുതൽ സന്തോഷവും അഭിമാനവും നൽകാനിടയാവും. മാത്രമല്ല, ശില്പശാലകളിലേക്കും മറ്റും ക്ഷണിക്കപ്പെടുന്നതിലൂടെ അവർക്ക് വരുമാനമുണ്ടാകാനുള്ള സാദ്ധ്യത കൂട്ടുകയും ചെയ്യും. ഇനി വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനത്തിനും പകരം വയ്ക്കാൻ മാർഗ്ഗമുണ്ട്. ആർക്കെങ്കിലും പണം നൽകുന്നത് എളുപ്പമാക്കുന്നുണ്ടല്ലോ ഈ സാങ്കേതിക വിദ്യ—ഇന്റർനെറ്റ് ബാങ്കിങ്ങും ക്രെഡിറ്റ് കാർഡുമെല്ലാം ചെയ്യുന്നത് ഇതല്ലെ. ഒരു സംഗീത ഫയലോ സാഹിത്യകൃതിയോ ഡൗൺലോഡ് ചെയ്യുമ്പോൾ അവിടെ ഒരു ബട്ടൺ കൊടുക്കാം, കൃതിയുടെ കർത്താവിന് നിങ്ങൾക്കിഷ്ടമുള്ള പണം നൽകാൻ. ഉദാഹരണമായി, ഒരു ഗാനം ഡൗൺലോഡ് ചെയ്യാൻ ഒരുക്കിയിട്ടുള്ള വെബ് പേജിൽ ഒരഭ്യർത്ഥന കൂടി നൽകാം“ഈ ഗാനം നിങ്ങൾക്കിഷ്ടമായെങ്കിൽ നിങ്ങൾക്കിഷ്ടമുള്ള ഒരു തുക നൽകുക” എന്ന്. പണം നൽകുന്നത് സൗകര്യപ്പെടുത്താൻ ഒരു ബട്ടണും. ആരും നൽകില്ല എന്നു തോന്നുന്നുണ്ടോ? ഒരു കാര്യമോർക്കണം. ഈ വെബ് സൈറ്റ് ലോകം മുഴുവനും കാണുന്നതാണ്. സംഗീതമിഷ്ടപ്പെടുന്ന കുറേപ്പേരെങ്കിലും പണം നൽകും എന്നതുറപ്പാണ്. മാത്രമല്ല, അങ്ങനത്തെ ഒരു സാഹചര്യമുണ്ടാകുമ്പോൾ പണം കൊടുക്കാതിരിക്കുന്നതു് മോശമായി കരുതപ്പെടാൻ പോലും ഇടയുണ്ട്. ചെറിയൊരിടത്തുള്ളവർ മാത്രമല്ല വെബ്സൈറ്റ് കാണുന്നത് എന്നതുകൊണ്ട് ഗാനത്തേപ്പറ്റി അറിയുന്നവരുടെ എണ്ണം വളരെ കൂടുതലാവും. അതുകൊണ്ടു തന്നെ ലഭിക്കുന്ന പണവും കൂടുതലാവാനാണ് സാദ്ധ്യത. ഇവിടെ ഇടനിലക്കാരില്ല എന്നതും പ്രധാനമാണ്.

സ്വന്തം സൃഷ്ടികൾ സമൂഹത്തിന് ഉപയോഗിക്കാൻ സ്വതന്ത്രമായി നൽകുന്ന ഒരു പ്രസ്ഥാനം ഉണ്ടായത് 1984ലാണ്. അതാണ് സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം. ഇതിന് തുടക്കം കുറിച്ചത് മാസച്ച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വകുപ്പിൽ പ്രവൃത്തിയെടുത്തിരുന്ന റിച്ചാർഡ് സ്റ്റാൾമാനാണ്. അറിവുപോലെയാണ് സോഫ്റ്റ്‌വെയർ എന്നും അറിവുപോലെ സോഫ്റ്റ്‌വെയറും സ്വതന്ത്രമായിരിക്കണമെന്നും ഉള്ള വിശ്വാസത്തിൽ, ജനങ്ങൾക്ക് സ്വതന്ത്രമായി ഉപയോഗിക്കുകയും മറ്റുള്ളവർക്കു പകർന്നു നൽകുകയും പഠിച്ചു മാറ്റങ്ങൾ വരുത്തുകയും ചെയ്യാവുന്ന സോഫ്റ്റ്‌വെയർ എഴുതേണ്ടതുണ്ട് എന്നദ്ദേഹം തീരുമാനിച്ചു. അങ്ങനെ ഗ്നു (GNU) എന്നറിയപ്പെടുന്ന പ്രോജക്റ്റ് ആരംഭിച്ചു. അത്തരം സ്വതന്ത്ര സോഫ്റ്റ്‌വെയർ വിതരണം ചെയ്യുന്നതിനുള്ള ജനറൽ പബ്ലിക് ലൈസൻസ് (General Public Licence) എന്ന ലൈസൻസും സൃഷ്ടിച്ചു.



റിച്ചാർഡ് സ്റ്റാൾമാൻ

സ്വതന്ത്ര സോഫ്റ്റ്‌വെയർ ഇന്ന് ആർക്കും പുത്തരിയല്ല. ലോകത്താകമാനം അതറിയപ്പെടുന്നു. മാത്രമല്ല പല രാജ്യങ്ങളിലും സർക്കാരുകളും സ്വകാര്യ കമ്പനികളും അതുപയോഗിച്ചു തുടങ്ങിയിരിക്കുന്നു. സ്പെയിനിലെ എക്സ്ട്രെമദുര സംസ്ഥാനവും ജർമ്മനിയിലെ മ്യൂണിക്ക് നഗരവും കേരള സംസ്ഥാനവും നമ്മുടെ LIC യും തമിഴ്നാട്ടിലെ ELCOT ഉം ഒക്കെ ഉദാഹരണങ്ങളാണ്. മൈക്രോസോഫ്റ്റിന്റെ കുത്തകയ്ക്കുതന്നെ തടസം നിൽക്കുന്ന പ്രധാനപ്പെട്ട സോഫ്റ്റ്‌വെയർ ആണ് സ്വതന്ത്ര സോഫ്റ്റ്‌വെയർ ആയ ഗ്നു ലിനക്സ് ഇന്ന്. കേരളത്തിലെ എല്ലാ സ്കൂളുകളിലും ഉപയോഗിക്കുന്ന സ്വതന്ത്ര സോഫ്റ്റ്‌വെയറിനേപ്പറ്റി അറിയാത്തവർ കേരളത്തിൽ വിരളമായിരിക്കും.

എന്നാൽ അറിവിന്റെ സ്വാതന്ത്ര്യം എന്ന ഈ ആശയം മറ്റു രംഗങ്ങളിൽ എന്തു സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്നറിയാവുന്നവർ വളരെ അപൂർവ്വമായിരിക്കും. അതുകൊണ്ട് നമുക്കിവിടെ അത്തരം ചില കാര്യങ്ങൾ പരിശോധിക്കാം.

## സ്വതന്ത്രമായ വിജ്ഞാനകോശം

അറിവു സ്വതന്ത്രമായിരിക്കണം എന്നതിന്റെ അടിസ്ഥാനത്തിലാണല്ലോ സോഫ്റ്റ്‌വെയറും സ്വതന്ത്രമായിരിക്കണം എന്നു സ്റ്റാൾമാൻ തീരുമാനിച്ചതു്. അങ്ങനെയെങ്കിൽ അറിവും സ്വതന്ത്രമാവണ്ടേ? അറിവിന്റെ ശേഖരമാണല്ലോ എൻസൈക്ലോപീഡിയ അഥവാ വിജ്ഞാനകോശം. എൺപതുകളിലുണ്ടായിരുന്ന വിജ്ഞാനകോശങ്ങൾ പൂർണ്ണ അർത്ഥത്തിൽ സ്വതന്ത്രമായിരുന്നില്ല. ബ്രിട്ടാനിക്ക പോലുള്ള വിജ്ഞാനകോശങ്ങൾ പകർപ്പവകാശമുള്ളവയായിരുന്നു. അവ വായിച്ച് അവയിലെ ആശയങ്ങൾ മനസിലാക്കാൻ കഴിയുമായിരുന്നു എങ്കിലും അവയിലെ വാചകങ്ങളോ ചിത്രങ്ങളോ അപ്പടി എടുത്തുപയോഗിക്കാനുള്ള സ്വാതന്ത്ര്യം ആർക്കുമില്ലായിരുന്നു. ഇന്നുമില്ല. അതുകൊണ്ട് സ്വതന്ത്രമായി ഉപയോഗിക്കാൻ പറ്റുന്ന ഒരു എൻസൈക്ലോപീഡിയ നിർമ്മിക്കുന്നതിനേപ്പറ്റി സ്റ്റാൾമാനുൾപ്പെടെയുള്ളവർ ചിന്തിക്കുകയും സംസാരിക്കുകയും ചെയ്തിരുന്നു.

ആ സാഹചര്യത്തിലാണ് രണ്ടായിരാമാണ്ട് മാർച്ചിൽ ജിമ്മി വെയ്‌ൽസ് എന്ന ഇന്റർനെറ്റ് ബിസിനസ്കാരൻ സ്വതന്ത്രമായ ഒരു വിജ്ഞാനകോശം തുടങ്ങാൻ തീരുമാനിച്ചത്. അതിന് ന്യൂപീഡിയ (Nupedia) എന്നു പേരുമിട്ടു. പൊതുജനങ്ങളിൽ നിന്ന് ലേഖനങ്ങൾ എഴുതാൻ പറ്റുന്നവരെ ക്ഷണിക്കുകയും അവരുടെ യോഗ്യത പരിശോധിച്ച് ലേഖനമെഴുതാൻ ഏൽപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു രീതി. ലഭിച്ച ലേഖനങ്ങൾ ഒരു വിദഗ്ധ സമിതി പരിശോധിച്ച് അംഗീകരിച്ച ശേഷം മാത്രമാണ് ന്യൂപീഡിയയിൽ പ്രസിദ്ധീകരിച്ചിരുന്നത്. ഇംഗ്ലീഷിൽ മാത്രം കുറേ ലേഖനങ്ങൾ അങ്ങനെ പ്രത്യക്ഷപ്പെട്ടു. Nupedia Open Content Licence എന്നൊരു ലൈസൻസിലാണ് ഇവ പ്രസിദ്ധീകരിച്ചിരുന്നത്. ചില നിയന്ത്രണങ്ങളോടെ എല്ലാവർക്കും ഇതിലെ ഉള്ളടക്കം ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ന്യൂപീഡിയയുടെ നടത്തിപ്പിനുള്ള ചെലവുകൾ വഹിച്ചത് ജിമ്മിയുടെ സ്ഥാപനമായ ബോമിസ് ആയിരുന്നു.



ജിമ്മി വെയ്‌ൽസ്

എന്നാൽ ഈ രീതി പലർക്കും തൃപ്തികരമായിരുന്നില്ല. ഉള്ളടക്കം കുറേക്കൂടി സ്വതന്ത്രമാവണം എന്നുള്ളതായിരുന്നു പലരുടെയും ആവശ്യം. അങ്ങനെ 2001ൽ അത് ഗ്നു ഫ്രീ ഡോക്യുമെന്റേഷൻ ലൈസൻസിലേക്കു മാറി (ബോക്സ് നോക്കുക). പക്ഷെ ലേഖനങ്ങൾ എഴുതുന്നതിനുള്ള നിയന്ത്രണങ്ങൾ വളരെയധികമാണ് എന്ന് സ്റ്റാൾമാനുൾപ്പെടെയുള്ളവർ പരാതിപ്പെട്ടു. അങ്ങനെ എഴുതുന്നതിലും ഉപയോഗിക്കുന്നതിലും പൂർണ്ണ സ്വാതന്ത്ര്യമുള്ള ഒരു എൻസൈക്ലോപീഡിയ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ 2001ൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഫൗണ്ടേഷൻ ആരംഭിച്ചു. ഗ്നുപീഡിയ എന്നാണ് അതിനു പേരിടാൻ തീരുമാനിച്ചത്. പക്ഷെ ആ പേരിലുള്ള വെബ്സൈറ്റിന്റെ അവകാശം ജിമ്മിയുടെ കൈവശമായിരുന്നതിനാൽ പേരു മാറ്റേണ്ടി വന്നു.

എന്തായാലും അത് ഒരു വിജയമാകുന്നതിനു മുമ്പുതന്നെ ജിമ്മി പുതിയൊരു വിജ്ഞാനകോശം തുടങ്ങി. ഇതിൽ ആർക്കു വേണമെങ്കിലും ലേഖനങ്ങളെഴുതുകയും ഉള്ളടക്കം എന്താവശ്യത്തിനും സ്വതന്ത്രമായി ഉപയോഗിക്കുകയും ചെയ്യാവുന്ന തരത്തിലുള്ള ലൈസൻസായിരുന്നു — ഗ്നു ഫ്രീ ഡോക്യുമെന്റേഷൻ ലൈസൻസ്. ആ വിജ്ഞാനകോശമാണ് ഇന്ന് ലോകത്തേറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന വിജ്ഞാനകോശമായ വിക്കിപ്പീഡിയ. ഇത് വളർത്തിക്കൊണ്ടുവന്നത് നമ്മളെല്ലാം ചേർന്നാണ്. ഇതിലെ ലേഖനങ്ങൾ എഴുതാൻ വിശേഷിച്ച് വിദഗ്ധരെ ആരെയും നിയമിച്ചിട്ടില്ല. ആർക്കു വേണമെങ്കിലും




വിക്കിപ്പീഡിയയുടെ പ്രധാനതാൾ

ഇതിൽ ലേഖനങ്ങളെഴുതാം. ഉള്ള ലേഖനങ്ങളിൽ മാറ്റം വരുത്താം. ഒന്നു രജിസ്റ്റർ ചെയ്യണമെന്നേയുള്ളൂ. അതിന് ചെലവൊന്നുമില്ലതാനും. ഇപ്പോൾ വിക്കിപ്പീഡിയയിൽ ഇരുപത്തഞ്ച് ലക്ഷത്തിലധികം ലേഖനങ്ങൾ ഇംഗ്ലീഷിൽ തന്നെയുണ്ട്. കൂടാതെ ഏതാണ്ട് ഇരുനൂറ്റമ്പതിലധികം ഭാഷകളിലുള്ള ലേഖനങ്ങളുമുണ്ട്. എട്ടു ഭാഷകളിൽ മൂന്നു ലക്ഷത്തിലധികം ലേഖനങ്ങളുണ്ട്. ഇന്ത്യൻ ഭാഷകളിൽ അധികം ലേഖനങ്ങളില്ല. അതിൽ ഏറ്റവും മുന്നിട്ടു നിൽക്കുന്നത് 41,000 ലേഖനങ്ങളോടെ തെലുങ്കാണ്. മണിപ്പൂരി, ബംഗാളി, ഹിന്ദി, മറാഠി, തമിഴ് എന്നിവയിലെല്ലാം പതിനായിരത്തിലധികം ലേഖനങ്ങളുണ്ട്. മലയാളത്തിലാണെങ്കിൽ ഇപ്പോൾ ഏഴായിരത്തിൽ താഴെയേയുള്ളൂ ലേഖനങ്ങൾ. പക്ഷെ സർക്കാർ പ്രസിദ്ധീകരിക്കുന്ന മലയാളം സർവ്വവിജ്ഞാനകോശത്തിലെ ലേഖനങ്ങളെല്ലാം വിക്കിപ്പീഡിയയിലേക്ക് സംഭാവന നൽകാൻ തീരുമാനമായിട്ടുണ്ട്. അപ്പോൾ മലയാളത്തിന്റെ സ്ഥിതി വളരെ മുന്നിലാവും. എന്നു മാത്രമല്ല ലോകത്തുള്ള മലയാളം വായിക്കാനറിയാവുന്ന എല്ലാവർക്കും അതൊരു നല്ല സമ്മാനമാകുകയും ചെയ്യും.

ഇന്ന് വിക്കിപ്പീഡിയ നടത്തുന്നത് വിക്കിപ്പീഡിയ ഫൗണ്ടേഷനാണ്. പൊതുജനങ്ങളുടെ സംഭാവനയാണ് അവരുടെ വരുമാനം. ഇന്നവർക്ക് മറ്റു പല പദ്ധതികളുമുണ്ട്. വിക്കിപ്പീഡിയ പോലെ പൊതുജനങ്ങളാൽ നിർമ്മിക്കപ്പെടുന്ന വിക്ഷ്ണറി എന്ന ഡിക്ഷ്ണറിയാണ് അവയിലൊന്ന്. ഇവിടെയുമുണ്ട് മലയാളം. പക്ഷെ മലയാളം വിക്ഷ്ണറിയിൽ കുറച്ചു പദങ്ങളേയുള്ളൂ, ഏതാണ്ട് മൂവായിരത്തോളം. ഈ സ്ഥിതി മാറ്റേണ്ടത് നമ്മുടെയെല്ലാം ജോലിയാണ്. മലയാളം ഡിക്ഷ്ണറി മാത്രമല്ല അവിടെയുള്ളത്. കൂട്ടത്തിൽ മറ്റു ഭാഷകളിലെ വാക്കുകളുടെ മലയാളം അർത്ഥവുമുണ്ട്.

വിക്കിമീഡിയയിൽ വിക്കി പുസ്തകങ്ങൾ, വിക്കി വാർത്തകൾ, വിക്കി കോമൺസ് എന്നിങ്ങനെ മറ്റു പലതുമുണ്ട്. വിക്കി എന്ന വാക്ക് സൂചിപ്പിക്കുന്നത് വേഗം, പെട്ടെന്ന് എന്നൊക്കെയാണ്. വിക്കിപ്പീഡിയയുടെ കാര്യത്തിൽ ഇത് അന്വർത്ഥമാകുകയാണ്. സാധാരണഗതിയിൽ ഒരു വിജ്ഞാനകോശം തയാറാകാൻ അനേകം വർഷങ്ങളെടുക്കും. പക്ഷെ വിക്കിപ്പീഡിയ അഞ്ചോ ആറോ വർഷം കൊണ്ട് നല്ലയൊരു വിജ്ഞാനകോശമായിക്കഴിഞ്ഞു. മറ്റൊരു കാര്യം കൂടി. വിജ്ഞാനകോശമാകുമ്പോൾ തെറ്റുകൾ പാടില്ലല്ലോ. 2005 ൽ നേച്ചർ എന്ന ശാസ്ത്രജേർണ്ണലിന്റെ പ്രസാധകർ വിജ്ഞാനകോശങ്ങളുടെ മുത്തശ്ശി ബ്രിട്ടാനിക്കയുമായി വിക്കിപ്പീഡിയ തട്ടിച്ചു നോക്കുകയുണ്ടായി. വിശദമായ ഈ പഠനത്തിന്റെ ഫലം അമ്പരപ്പിക്കുന്നതായിരുന്നു. രണ്ടും തമ്മിൽ നിലവാരത്തിൽ കാര്യമായ വ്യത്യാസമൊന്നുമില്ല! ബ്രിട്ടാനിക്കയിൽ ശരാശരി ഒരു ലേഖനത്തിൽ മൂന്നു പിശകുകൾ വീതം കണ്ടപ്പോൾ വിക്കിപ്പീഡിയയിൽ കണ്ടത് ശരാശരി നാലു തെറ്റുകൾ! നേച്ചറിൽ പ്രസിദ്ധീകരിച്ച ഈ പഠനറിപ്പോർട്ട് ബ്രിട്ടാനിക്ക നിരസിച്ചിട്ടുണ്ട്.

പക്ഷെ ബ്രിട്ടാനിക്കയുടെ അന്ത്യത്തിന്റെ ആരംഭമായിട്ടാണ് പലരും വിക്കിപ്പീഡിയയെ കാണുന്നത്.

ഇതുമായി ബന്ധപ്പെട്ട മറ്റൊരു പദ്ധതിയാണ് വിക്കിമാപ്പിയ (http://wikimapia.org/ നോക്കുക.) ഗൂഗ്ള്‍ ഭൂപടങ്ങള്‍ പോലെ ഭൂപടങ്ങളും ഉപഗ്രഹചിത്രങ്ങളും (satellite images) കാട്ടിത്തരുകയും അതില്‍ സ്ഥലങ്ങള്‍ അടയാളപ്പെടുത്താനുള്ള സൗകര്യം തരുകയും ചെയ്യുന്ന ഒരു വെബ്സൈറ്റാണ് വിക്കിമാപ്പിയ. പലരും സ്വന്തം വീടും കാമുകിയുടെയൊ കാമുകന്റെയൊ സുഹൃത്തുക്കളുടെയൊ വീടും മറ്റും അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും അറിയപ്പെടുന്ന, പ്രയോജനപ്പെടുന്ന സ്ഥലങ്ങളെല്ലാം തന്നെയും ജനങ്ങള്‍ ചേര്‍ന്ന് അടയാളപ്പെടുത്തിക്കഴിഞ്ഞു, കേരളത്തിലെ പോലും. സ്ഥലം പരിചയമില്ലാത്തവര്‍ക്ക് വളരെ സഹായകമായ ഒരു വെബ്സൈറ്റാണിത്.

## സ്വതന്ത്രമായ സര്‍ഗ്ഗസൃഷ്ടികള്‍

സോഫ്റ്റ്‌വെയറിലും അറിവിലും സ്വാതന്ത്ര്യം എങ്ങനെ വന്നു എന്നു നാം കണ്ടല്ലോ. എന്നാല്‍ അറിവ് എന്നു പറയുമ്പോള്‍ വിജ്ഞാനകോശത്തില്‍ കാണുന്ന അറിവ് മാത്രമല്ല ഉദ്ദേശിക്കുന്നത്. ചിത്രം, ചലച്ചിത്രം, കഥ, സംഗീതം തുടങ്ങിയ സര്‍ഗ്ഗസൃഷ്ടികളെയും ഇന്ന് അറിവിന്റെ കൂട്ടത്തില്‍ ഉള്‍പ്പെടുത്തുന്നുണ്ട്. ഇവയെല്ലാം തന്നെ ഇപ്പോള്‍ ഡിജിറ്റല്‍ രൂപത്തില്‍ ലഭ്യമാക്കാം എന്നു മാത്രമല്ല, പലപ്പോഴും ഡിജിറ്റല്‍ രൂപത്തിലാണ് കൈകാര്യം ചെയ്യുന്നതും. ഇവിടെയും സ്വാതന്ത്ര്യത്തിനു പ്രസക്തിയുണ്ട്. പക്ഷെ ഇവയൊക്കെ സൃഷ്ടിക്കുമ്പോള്‍ തന്നെ പകര്‍പ്പവകാശ നിയമത്തിനു കീഴിലായിപ്പോകുന്നു, വിശേഷിച്ച് അമേരിക്കന്‍ ഐക്യനാടുകള്‍ പോലുള്ള ചില രാജ്യങ്ങളില്‍. അവ സൃഷ്ടിച്ചവര്‍ക്കു തന്നെ പകര്‍പ്പവകാശത്തിന്റെ കടുംപിടിത്തമില്ലാതെ വിതരണം ചെയ്യാന്‍ ബുദ്ധിമുട്ടാണ്.

പകര്‍പ്പവകാശത്തിന്റെ കടുത്ത നിയന്ത്രണങ്ങളില്ലാതെ സര്‍ഗ്ഗസൃഷ്ടികള്‍ വിതരണം ചെയ്യാനുള്ള മാര്‍ഗ്ഗമാണ് Creative Commons (www.creativecommons.org) നമുക്കൊരുക്കിത്തരുന്നത്. ഇവിടെ നമ്മുടെ ഇഷ്ടമനുസരിച്ച് കുറെ സ്വാതന്ത്ര്യം മറ്റുള്ളവര്‍ക്ക് നല്‍കത്തക്കവിധം നമ്മുടെ സൃഷ്ടികള്‍ പ്രസിദ്ധീകരിക്കാന്‍ സഹായിക്കുന്ന ലൈസന്‍സുകള്‍ ലഭ്യമാക്കിയിട്ടുണ്ട്. ഇവയില്‍ നാലെണ്ണമാണ് പ്രധാനപ്പെട്ടത്. ഒന്ന്, attribution (by എന്നു സൂചിപ്പിക്കപ്പെടുന്നു) അതായത് മൂലകൃതി ഏതാണ് എന്ന് പുനപ്രസിദ്ധീകരിക്കുമ്പോള്‍ സൂചിപ്പിക്കണം എന്നനുശാസിക്കുന്നതാണ്. രണ്ട്, non-commercial (nc), അതായത്, സാമ്പത്തികനേട്ടം ഉണ്ടാക്കാന്‍ സഹായിക്കുന്ന ആവശ്യങ്ങള്‍ക്ക് ഉപയോഗിക്കരുത്; അല്ലാത്ത ഏതാവശ്യത്തിനും ഈ സൃഷ്ടി പ്രത്യേക അനുമതിയില്ലാതെ ഉപയോഗിക്കാം എന്നു പറയുന്നു. മൂന്ന്, share alike (sa), അതായത്, ഇതില്‍ മാറ്റങ്ങള്‍ വരുത്തുകയോ ഇതിനെ ആശ്രയിച്ചുകൊണ്ട് മറ്റൊരു സൃഷ്ടി നടത്തുകയോ ചെയ്താല്‍ അതും ഇതേ ലൈസന്‍സ് പ്രകാരം മാത്രമെ പ്രസിദ്ധീകരിക്കാവൂ എന്നു നിബന്ധിക്കുന്നു. നാല്, no derivative works (nd), അതായത് ഇതേ രൂപത്തില്‍ മാത്രമെ ഇത് പ്രസിദ്ധീകരിക്കാവൂ, മാറ്റങ്ങള്‍ വരുത്തി പ്രസിദ്ധീകരിക്കരുത് എന്ന നിബന്ധന. ഈ നാലു ലൈസന്‍സുകള്‍ പല രീതിയില്‍ കൂട്ടിക്കലര്‍ത്തി ഉപയോഗിക്കാം.

ഉദാഹരണമായി, ഈ ലേഖനം തന്നെ by, sa എന്ന രണ്ടു ലൈസന്‍സുകളും ചേര്‍ത്താണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇതില്‍ മാറ്റങ്ങള്‍ വരുത്തി പുനപ്രസിദ്ധീകരിക്കാന്‍ എല്ലാവര്‍ക്കും സ്വാതന്ത്ര്യമുണ്ട്. പക്ഷെ രണ്ടു നിബന്ധനകളുണ്ട്. ഒന്ന്, മൂലലേഖനം ഇന്നതാണ് എന്ന് സൂചിപ്പിച്ചിരിക്കണം. രണ്ട്, ഇതേ ലൈസന്‍സ് പ്രകാരം തന്നെ പ്രസിദ്ധീകരിക്കണം. അപ്പോള്‍ ഈ ലേഖനത്തിന്റെ ഒടുവില്‍ കൊടുത്തിരിക്കുന്ന കുറിപ്പ് ഉള്‍പ്പെടുത്തിയിരിക്കണം എന്നര്‍ത്ഥം.




ക്രിയേറ്റീവ് കോമൺസിന്റെ വെബ്സൈറ്റ്

ഇവ കൂടാതെ മറ്റു ചില ലൈസൻസുകളുമുണ്ട്. യാതൊരു നിയന്ത്രണവുമില്ലാത്തതാണ് ഒന്ന്. “ഇത് പൊതുസ്വത്താണ്” എന്നു പറയുന്നതിന് തുല്യം. ഇതിന് Public Domain Dedication എന്നു പറയുന്നു. പിന്നൊന്ന് പുതിയതാണ്. ഒരു കൃതിയിലെ ചില ഭാഗങ്ങൾ മാത്രം സ്വന്തം കൃതിയിൽ ഉൾപ്പെടുത്താനുള്ള അവകാശം നൽകുന്നതാണത്. ഇതിന് Sampling Licence എന്നു പറയുന്നു. ബ്രസീലിലെ സാംസ്കാരീക വകുപ്പു മന്ത്രിയായിരുന്ന ഗിൽബർട്ടോ ഗിൽ എന്ന സംഗീതജ്ഞൻ തന്റെ ചില കൃതികൾ ഈ ലൈസൻസിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇതിന് രസകരമായ ചില ഫലങ്ങളുണ്ട്. ഉദാഹരണമായി, നിങ്ങൾക്ക് ഒരു കഥയോ ഗാനമോ ഇഷ്ടമായെങ്കിൽ അതിനെ അടിസ്ഥാനമാക്കിക്കൊണ്ട് പുതിയൊരു കഥയോ ഗാനമോ നിങ്ങൾക്ക് സൃഷ്ടിക്കാം. കുറച്ചു കാലം മുൻപ് കാനഡയിലെ ഇന്ത്യൻ വംശജയായ ഒരു പെൺകുട്ടി (കാവ്യ വിശ്വനാഥൻ) എഴുതിയ ഒരു നോവലിലെ (*How Opal Mehta Got Kissed, Got Wild and Got a Life*) കുറെ ഭാഗം മറ്റു പല പുസ്തകങ്ങളിൽ നിന്നു പകർത്തിയതാണ് എന്നൊരു ആരോപണം ഉയർന്നിരുന്നു. ആ പുസ്തകങ്ങളുടെ പ്രസാധകർ കേസിനു പോകുകയും അതേത്തുടർന്ന് പെൺകുട്ടിയുടെ പുസ്തകം പിൻവലിക്കുകയുമുണ്ടായി. ആ നോവലിന്റെ കഥ പുതിയതാണെന്നതിന് യാതൊരു തർക്കവുമില്ലായിരുന്നു. നോവൽ നല്ലതാണെന്നതിനും തർക്കമില്ലായിരുന്നു. പിന്നെന്തിന് പുസ്തകം പിൻവലിപ്പിച്ചു? മറ്റു ചില പുസ്തകങ്ങളിൽ നിന്ന് ചില, അല്ലെങ്കിൽ കുറേ, വരികൾ പകർത്തിയതിനോ? ഒടുവിൽ നഷ്ടമാരുടേതാണ്? സമൂഹത്തിന്റേത്, അല്ലേ? ഒരു നല്ല നോവലും നഷ്ടമായി, ഒരുപക്ഷെ ഭാവിയിൽ ആ കുട്ടി എഴുതുമായിരുന്ന മറ്റു നല്ല നോവലുകളും നഷ്ടമായി. ആർക്കും വിശേഷിച്ചൊരു ഗുണവും ഉണ്ടായതുമില്ല. ആകെക്കൂടി നടന്നത് പകർപ്പവകാശമുള്ള പുസ്തകത്തിൽ നിന്ന് എന്തെങ്കിലും പകർത്താനുള്ള ധൈര്യം ഇനിയാർക്കും ഉണ്ടാവില്ല എന്നുറപ്പുവരുത്തി എന്നതാണ്.

എന്നാൽ ക്രിയേറ്റീവ് കോമൺസിൽ ഇതിന് നേരേ വിപരീതമായ ഒരു സംഭവമുണ്ടായി. കൊളിൻ മച്ച്ലർ (Colin Mutchler) എന്നൊരാൾ ഒരു വയലിൻ സംഗീതമുണ്ടാക്കി My Life എന്ന പേരിൽ ഇന്റർനെറ്റിലിട്ടു. വയലിൻ മാത്രമുണ്ടായിരുന്ന അതിൽ കോറ ബെത് (Cora Beth) എന്നൊരാൾ ഗിത്താർ സംഗീതം കൂടി ചേർത്ത് അതിനെ My Life Changed എന്ന പേരിൽ ഇന്റർനെറ്റിലിട്ടു. അപ്പോൾ ആ സംഗീതം കുറേക്കൂടി സുന്ദരമായി. ഇനിയൊരാൾക്ക് മറ്റൊരു ഉപകരണസംഗീതമൊ മനുഷ്യശബ്ദമൊ ചേർക്കാം. അപ്പോൾ അതിന്റെ സൗന്ദര്യം കുറേക്കൂടി വർദ്ധിക്കും. ഒരു കലാസൃഷ്ടി ഉടലെടുക്കുന്നതിന്റെ പുതിയൊരു രീതിയല്ലേ ഇത്? എല്ലാ കലാകാരന്മാർക്കും ഇതിനോട് യോജിപ്പുണ്ടായി




PLoSന്റെ വെബ്സൈറ്റ്

എന്നു വരില്ല. പക്ഷെ മൂലകൃതി അതുപോലെതന്നെ നിലനിൽക്കുകയാണെങ്കിൽ മറ്റുള്ളവർക്ക് അതിൽ മാറ്റം വരുത്തി പ്രസിദ്ധീകരിക്കാനുള്ള അവസരം നിരസിക്കുന്നതെന്തിന്? ഒരുപക്ഷെ അങ്ങനെ കൂടുതൽ ഭംഗിയുള്ള മറ്റൊരു സൃഷ്ടിയുണ്ടായി എന്നുവരാം. എന്തായാലും ഇതുവരെ നമുക്ക് പരിചിതമല്ലാത്ത രീതിയിലുള്ള ഒരുതരം സൃഷ്ടിയാണിത് എന്നതിന് സംശയമില്ല. കമ്പ്യൂട്ടറും ഇന്റർനെറ്റും ക്രിയേറ്റീവ് കോമൺസ് എന്ന ലൈസൻസിങ് സമ്പ്രദായവും ആണ് ഇതിന് അവസരമൊരുക്കി തന്നത്. നമുക്കതിന് സ്റ്റാൻഫോർഡ് സർവ്വകലാശാലയിലെ പ്രൊഫ. ലാറൻസ് ലെസ്സിഗിനോട് നന്ദി പറയാം. അദ്ദേഹമാണ് ക്രിയേറ്റീവ് കോമൺസിന്റെ സൃഷ്ടികർത്താവ്. ക്രിയേറ്റീവ് കോമൺസിനേപ്പറ്റി കൂടുതൽ അറിയണമെങ്കിൽ http://creativecommons.org എന്ന വെബ്സൈറ്റ് പരിശോധിക്കാം.

## ശാസ്ത്രം സ്വതന്ത്രമാവണം

ശാസ്ത്രം സ്വതേ സ്വതന്ത്രമാണ്. പുതിയ അറിവ് മറ്റു ശാസ്ത്രജ്ഞർക്കു പകർന്നു കൊടുത്തുകൊണ്ടു തന്നെയാണ് ശാസ്ത്രം പുരോഗമിച്ചത്. അങ്ങനെ ചെയ്യില്ലായിരുന്നെങ്കിൽ ശാസ്ത്രത്തിന്റെ പുരോഗതി വളരെ സാവധാനമാകുമായിരുന്നല്ലൊ. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി ഈ സ്വാതന്ത്ര്യത്തിനു ചില നിയന്ത്രണങ്ങളുണ്ടായി. അതിനെതിരെയാണ് പുതിയ പ്രസ്ഥാനം പോരാടുന്നത്. നമുക്കിത് കുറച്ചുകൂടി വിശദമായി പരിശോധിക്കാം.

പതിനേഴാം നൂറ്റാണ്ടിലാണ് ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ മറ്റുള്ളവരെ അറിയിക്കാനായി ആദ്യമായി ഒരു പ്രസിദ്ധീകരണമുണ്ടായത്. ലണ്ടനിലെ റോയൽ സൊസൈറ്റി പ്രസിദ്ധീകരിച്ച "ഫിലോസഫിക്കൽ ട്രാൻസാക്ഷൻസ്" എന്ന മാസികയായിരുന്നു അത്. ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ ഇങ്ങനെ പൊതുജനത്തിനെ മുഴുവൻ അറിയിക്കുന്നത് അതിനെ ആഭാസമാക്കുകയാണെന്നു പോലും ചില സൊസൈറ്റി അംഗങ്ങൾക്ക് അഭിപ്രായമുണ്ടായിരുന്നുവത്രെ. അതുവരെ ശാസ്ത്രജ്ഞരുടെ സമ്മേളനങ്ങളിൽ മാത്രമാണ് കണ്ടുപിടിത്തങ്ങൾ അവതരിപ്പിച്ചിരുന്നത്. എന്തായാലും മാർച്ച് 1665 മുതൽക്ക് ശാസ്ത്രീയ പഠനങ്ങളുടെ ഫലങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു തുടങ്ങി.

ആദ്യകാലത്തൊക്കെ ശാസ്ത്രജ്ഞരുടെ സൊസൈറ്റികളാണ് ഇത്തരം ജേർണ്ണലുകൾ നടത്തിയിരുന്നത്. പക്ഷെ ജേർണ്ണലുകൾ കൊണ്ടുള്ള പ്രയോജനം മനസിലായപ്പോൾ കൂടുതൽ ജേർണ്ണലുകളുടെ ആവശ്യമു

ണ്ടായി. എല്ലാ വിഷയങ്ങൾക്കുമായി ഒരു പൊതു ജേർണ്ണൽ ഉണ്ടായിരുന്നിടത്ത് ഓരോ വിഷയത്തിനും ഒരു ജേർണ്ണൽ എന്നായി. പിന്നീട് ഓരോ വിഷയത്തിലെ ഓരോ ഭാഗത്തിനും ഒരു ജേർണ്ണൽ എന്നായി. ശാസ്ത്രജ്ഞന്മാരുടെ എണ്ണം വർദ്ധിച്ചു വന്നതനുസരിച്ച് കൂടുതൽ പ്രബന്ധങ്ങൾ പ്രസിദ്ധീകരണത്തിനു വന്നു തുടങ്ങിയപ്പോൾ കൂടുതൽ ജേർണ്ണലുകൾ വേണ്ടിവന്നു. സർക്കാർ ശാസ്ത്ര പഠനങ്ങൾക്കായി പണം മുടക്കാൻ തുടങ്ങിയപ്പോൾ കൂടുതൽ പ്രബന്ധങ്ങളും കൂടുതൽ പ്രസിദ്ധീകരണങ്ങളുമുണ്ടായി. (മുമ്പ് വ്യക്തികളും സ്വകാര്യ സംഘടനകളുമാണ് ഗവേഷണത്തിന് പണം കൂടുതലും മുടക്കിയിരുന്നത്.) സ്വകാര്യ കമ്പനികൾ ശാസ്ത്ര പ്രസിദ്ധീകരണം ലാഭകരമായ ബിസിനസ്സായി കണ്ടു. അവർ പലരും ശാസ്ത്ര പ്രസിദ്ധീകരണ രംഗത്തേക്കിറങ്ങി. മാത്രമല്ല പ്രസിദ്ധീകരണത്തിന്റെ പകർപ്പവകാശം അവർ സ്വന്തമാക്കുകയും. ചെയ്തു.

ഒന്നാലോചിച്ചു നോക്കൂ. ഗവേഷണത്തിനുള്ള പണം മുടക്കുന്നത് സർക്കാർ, അതായത് പൊതുജനം. ഗവേഷകരുടെ ശമ്പളം നൽകുന്നതും പൊതുജനം. ഗവേഷണഫലങ്ങളെ സംബന്ധിക്കുന്ന പ്രബന്ധങ്ങൾ രചിക്കുന്നത് പൊതുജനം ശമ്പളം നൽകുന്ന ശാസ്ത്രജ്ഞർ തന്നെ. അവ പരിശോധിച്ച് പ്രസിദ്ധീകരണ യോഗ്യമാണോ എന്നു തീരുമാനിക്കുന്നതും ശാസ്ത്രജ്ഞർ. പ്രസിദ്ധീകരണ കമ്പനി ചെയ്യുന്നത് അച്ചടിച്ചു വിതരണം ചെയ്യുക മാത്രം. പക്ഷെ അതിന്റെ, പ്രസിദ്ധീകരണത്തിന്റെ, പകർപ്പവകാശം കമ്പനിയുടെ കൈവശം. പൊതുജനങ്ങൾക്കോ, എന്തിന് മറ്റൊരു ശാസ്ത്രജ്ഞനു പോലുമോ, ഒരു പ്രബന്ധം കാണണമെങ്കിൽ ജേർണ്ണലിന്റെ വരിക്കാരനാകണം. അല്ലെങ്കിൽ പണം നൽകി പ്രബന്ധത്തിന്റെ ഒരു പകർപ്പ് വാങ്ങണം. ഇതൊന്നും മാത്രമല്ല, ജേർണ്ണലുകളുടെ വില കുത്തനെ വർദ്ധിക്കുകയും ചെയ്തു. വികസിത രാഷ്ട്രങ്ങളിലെ പല സാമാന്യം സമ്പന്ന സർവ്വകലാശാലകൾക്കു പോലും അവർക്കാവശ്യമായ എല്ലാ ജേർണ്ണലുകളും വരുത്തുന്നത് ബുദ്ധിമുട്ടായിത്തുടങ്ങി.

അങ്ങനെയാണ് ശാസ്ത്രപ്രസിദ്ധീകരണങ്ങൾ സ്വതന്ത്രമാകണം എന്ന മുറവിളി ഉയർന്നു തുടങ്ങിയത്. ഇതിനൊരു മാർഗ്ഗം ഇന്റർനെറ്റുപയോഗിക്കുക എന്നതാണ്. ജേർണ്ണലുകൾ പ്രിദ്ധീകരിക്കുന്ന പ്രബന്ധങ്ങൾ ഇന്റർനെറ്റിൽ അവർ ലഭ്യമാക്കിയാൽ ലോകത്തിലെല്ലാവർക്കുംതന്നെ അത് കിട്ടുമല്ലോ. പക്ഷെ സ്വാഭാവികമായും പ്രസാധകർ അതിനു തയാറായില്ല. അങ്ങനെയാണ് നൊബെൽ സമ്മാനജേതാവ് പ്രൊഫ. ഹരോഡ് വാർമുസും മറ്റുചിലരും ചേർന്ന് Public Library of Science (PLoS) എന്നൊരു പ്രസ്ഥാനം തുടങ്ങിയത്. ഓരോ വിഷയത്തിലും ജേർണ്ണലുകൾ തുടങ്ങുകയും അവയിലെ പ്രബന്ധങ്ങളെല്ലാം സ്വതന്ത്രമായി ഇന്റർ നെറ്റിൽ ലഭ്യമാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് അവരിതു തുടങ്ങിയത്. 2003 ഒക്ടോബറിൽ ഈ സംഘടന പൂർണ്ണമായ രീതിയിൽ പ്രവർത്തിച്ചു തുടങ്ങി. PLoS Biology ആയിരുന്നു അവരുടെ ആദ്യത്തെ പ്രസിദ്ധീകരണം. ഇന്നവർ ഏഴ് ജേർണ്ണലുകൾ പ്രസിദ്ധീകരിക്കുന്നുണ്ട്. അവരുടെ വരുമാനം ജേർണ്ണലുകൾ വിറ്റു മാത്രമല്ല, അവയിൽ പ്രസിദ്ധീകരിക്കുന്നതിന് പണം വാങ്ങുന്നതിലൂടെയുമാണ്. പണം നൽകാൻ ബുദ്ധിമുട്ടുള്ളവർക്ക് അതിൽ നിന്ന് ഒഴിവാകാനും കഴിയും. ജേർണ്ണലുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള പുതിയ ബിസിനസ്സ് മോഡലാണ് അവർ കണ്ടെത്താൻ ശ്രമിക്കുന്നത്. അങ്ങനെ അറിവിലേക്കുള്ള മാർഗ്ഗം അവർ തുറന്നിട്ടിരിക്കുകയാണ്. കൂടുതലറിയാൻ താത്പര്യമുള്ളവർക്ക് http://www.plos.org എന്ന വെബ്സൈറ്റ് നോക്കാം.

യൂറോപ്പിലെ ശാസ്ത്രജ്ഞർ മറ്റൊരു മാർഗ്ഗമാണു സ്വീകരിച്ചത്. പൊതുജനങ്ങളുടെ പണം കൊണ്ട് ഗവേഷണം നടത്തുന്ന ശാസ്ത്രജ്ഞർ, അതായത് സർക്കാരിന്റെ പക്കൽ നിന്ന് പണം വാങ്ങി പഠനങ്ങൾ നടത്തുന്നവർ, സ്വന്തം പഠനഫലങ്ങൾ തങ്ങളുടെ സ്വന്തം വെബ്സൈറ്റിലൊ, സ്ഥാപനത്തിന്റെ വെബ്സൈറ്റിലൊ, അല്ലെങ്കിൽ ആ വിഷയത്തിലുള്ള ലേഖനങ്ങൾ പൊതുവായി ഇടുന്ന വെബ്സൈറ്റിലൊ എവിടെയെങ്കിലും ഇടണമെന്നത് നിർബന്ധമാക്കണം എന്നവർ സർക്കാരിനോടാവശ്യപ്പെട്ടു.

ഹംഗറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റിൽവെച്ച് ഓപ്പൺ സൊസൈറ്റി ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച സമ്മേളനമാണ് ഈ ആവശ്യം ഉന്നയിച്ചത്. ഒരു പക്ഷെ ശാസ്ത്രീയ അറിവുകൾ സ്വതന്ത്രമാക്കുക എന്ന ആവശ്യത്തിനായി എറ്റവും കൂടുതൽ വ്യക്തികളിലും സർക്കാരുകളിലും സമ്മർദ്ദം ചെലുത്താൻ കഴിഞ്ഞത് ഈ പ്രസ്ഥാനത്തിനായിരിക്കും.

ഈ വിഷയത്തേക്കുറിച്ചു പഠിക്കാൻ ബ്രിട്ടീഷ് സർക്കാർ ഒരു പാർലമെന്ററി കമ്മിറ്റിയെ നിയോഗിച്ചു. പൊതുജനങ്ങളുടെ പണം ഉപയോഗിച്ചു നടത്തുന്ന പഠനങ്ങളുടെ ഫലങ്ങൾ ആർക്കും ലഭിക്കത്തക്ക വിധം ഇന്റർനെറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്നാണ് ആ കമ്മിറ്റി അഭിപ്രായപ്പെട്ടത്. അന്നത്തെ സർക്കാർ അത് പൂർണ്ണമായി അംഗീകരിച്ചില്ല. യൂറോപ്പിലെ പല സ്ഥാപനങ്ങളും എന്നാൽ അങ്ങനെയൊരു നയം സ്വീകരിച്ചു. അവയിൽ ഒരുപക്ഷെ ഏറ്റവും പ്രമുഖമാണ് യൂറോപ്യൻ ന്യൂക്ലിയർ പഠനസ്ഥാപനമായ CERN. യൂറോപ്പിൽ പ്രകടമായ മാറ്റങ്ങൾ വന്നു തുടങ്ങിയെങ്കിലും അമേരിക്ക ഇക്കാര്യത്തിൽ ഇപ്പോഴും പുറകിലാണ്. പല പ്രശസ്ത അമേരിക്കൻ ജേർണ്ണലുകളും ഇപ്പോഴും സ്വതന്ത്രമല്ല. എങ്കിലും ആകെ സ്വതന്ത്ര ജേർണ്ണലുകളിൽ അമേരിക്കയാണ് മുന്നിൽ. ഇന്ത്യയിൽ പ്രസിദ്ധീകരിക്കുന്ന ശാസ്ത്ര ജേർണ്ണലുകളിൽ വലിയൊരു ഭാഗം സ്വതന്ത്രമാണ്. എന്നാൽ ഇന്ത്യൻ ശാസ്ത്രജ്ഞരുടെ നിലവാരമുള്ള ലേഖനങ്ങളിൽ വലിയ ശതമാനവും വിദേശത്തുള്ള സ്വതന്ത്രമല്ലാത്ത ജേർണ്ണലുകളിലാണ് പ്രസിദ്ധീകൃതമാകുന്നത് എന്നതുകൊണ്ട് ആ അറിവ് നമുക്കു ലഭിക്കണമെങ്കിൽ നാമതിനു വില കൊടുക്കേണ്ടിയിരിക്കുന്നു. ഈ നില മാറേണ്ടതത്യാവശ്യമാണ്. സർക്കാർ പണം നൽകുന്ന പഠനങ്ങളുടെ ഫലങ്ങൾ ആർക്കും ലഭിക്കുന്ന രീതിയിൽ വെബ്സൈറ്റിൽ ലഭ്യമാക്കണം എന്ന നിയമം കൊണ്ടുവരേണ്ടിയിരിക്കുന്നു. അതുകൊണ്ട് രണ്ടു പ്രയോജനങ്ങളാണുണ്ടാവുക. ഈ പഠനഫലങ്ങൾ എല്ലാവർക്കും എളുപ്പത്തിൽ ലഭ്യമാകും. കൂടാതെ, ഭാരതീയ ജേർണ്ണലുകളുടെ നിലവാരം ഉയരുകയും ചെയ്യും.

## സ്വാതന്ത്ര്യം മറ്റു രംഗങ്ങളിൽ

അറിവും സോഫ്റ്റ്‌വെയറും കലാസൃഷ്ടികളുമൊക്കെ എങ്ങനെ സ്വതന്ത്രമാകാം എന്നും അതിലൂടെ സമൂഹത്തിന് എങ്ങനെ പ്രയോജനമുണ്ടാകാം എന്നുമാണ് നമ്മൾ കണ്ടത്. എന്നാൽ ഈ സ്വാതന്ത്ര്യം മനുഷ്യജീവിതത്തിലെ മറ്റു രംഗങ്ങളെ എങ്ങനെ മെച്ചപ്പെടുത്താം എന്നും ചിലർ ചിന്തിച്ചിട്ടുണ്ട്. ഉദാഹരണമായി ബിസിനസ്സിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിലെ ആശയങ്ങൾ എങ്ങനെ ഉപയോഗിക്കാം. അല്ലെങ്കിൽ മറ്റു വസ്തുക്കളുടെ ഉത്പാദനവും വിതരണവും സ്വതന്ത്ര സോഫ്റ്റ്‌വെയർ പോലെ സാദ്ധ്യമാണോ? ഭ്രാന്തൻ എന്നു തോന്നാവുന്ന ഇത്തരം ആശയങ്ങൾ വളരെ ഗൗരവമായിത്തന്നെയാണ് ഇവർ ചിന്തിക്കുന്നത്.

സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ആശയങ്ങൾ ബിസിനസിൽ എങ്ങനെ ഉപയോഗിക്കാം എന്നാണ് പുണെയിലെ വിക്കിഓഷൻ എന്ന കമ്പനി പരിശോധിക്കുന്നത് (www.wikiocan.net). സോഫ്റ്റ്‌വെയർ ബിസിനസ്സാണ് അവരുടേത്. വ്യത്യാസമെന്തെന്നാൽ അവരുടെ ബിസിനസിന്റെ എല്ലാ വിശദാംശങ്ങളും അതുമായി ബന്ധപ്പെട്ട എല്ലാവർക്കും അറിയാൻ കഴിയും. ആര് എത്ര പണം തന്നു, എത്ര പണം വീതം ആർക്കൊക്കെ കൊടുത്തു, എത്ര ലാഭം കിട്ടി തുടങ്ങി എല്ലാ വിവരങ്ങളും അവരുടെ വെബ് സൈറ്റിൽ നിന്നു ലഭിക്കും. തികച്ചും തുറന്ന ഒരു ബിസിനസ്സ് രീതി. സ്വതന്ത്ര സോഫ്റ്റ്‌വെയർ ആണ് അവരുപയോഗിക്കുന്നത് എന്നു പ്രത്യേകം പറയേണ്ടല്ലോ. അവരുടെ ബിസിനസ്സ് രീതിയെപ്പറ്റി വിക്കിഓഷന്റെ CTO ആയ പരിതോഷ് പുംഗലിയ പറഞ്ഞ ഒരുദാഹരണമിതാ. കമ്പനി പച്ചക്കറി കച്ചവടമാണ് ചെയ്യുന്നത് എന്നു വിചാരിക്കുക. കൃഷിക്കാരന്റെ പക്കൽ നിന്ന് എന്തു വിലയ്ക്കാണ് വാങ്ങുന്നത്,

എന്തു വിലയ്ക്കാണു വിൽക്കുന്നതു് തുടങ്ങി എല്ലാ വിവരങ്ങളും നെറ്റിലുണ്ടാകും. എല്ലാ ചെലവും കഴിഞ്ഞു് പത്തു ശതമാനമാണു് കമ്പനി ലാഭമെടുക്കാൻ തീരുമാനിച്ചിരിക്കുന്നതെങ്കിൽ അതും നെറ്റിലുണ്ടാകും. ലാഭം നിശ്ചിതമാണു്. തത്ഫലമായി കൃഷിക്കാരനു് കൂടുതൽ വില നല്കാനാകും, വാങ്ങുന്നവർക്കു് കുറഞ്ഞ വിലയ്ക്കു് വിൽക്കാനുമാകും.

പണമില്ലാത്തൊരു സമൂഹത്തേപ്പറ്റി ചിന്തിക്കാനാകുമോ? ഇന്നു് നമുക്കൊക്കെ ഇതു് സ്വപ്നം കാണാൻ പോലും പറ്റുമോ എന്ന സംശയമാണു്. എന്നാൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉല്പാദിപ്പിക്കുന്നതു പോലെ മനുഷ്യനാവശ്യമുള്ള എല്ലാ വസ്തുക്കളും ഉത്പാദിപ്പിച്ചുകൂടെ എന്ന ചിന്തിക്കുകയും അതിനുള്ള വഴികൾ അന്വേഷിക്കുകയും ചെയ്യുന്ന ഒരു കൂട്ടം ബുദ്ധിജീവികളുണ്ടു്. ഒയ്ക്കോനക്സ് (Oekonux) എന്നാണവർ സ്വന്തം കൂട്ടത്തെ വിളിക്കുന്നതു്. സ്വതന്ത്ര സോഫ്റ്റ്‌വെയർ യാതൊരു നിയന്ത്രണവുമില്ലാതെ ലഭ്യമാകുന്നതു പോലെ നമുക്കാവശ്യമുള്ള എല്ലാ വസ്തുക്കളും ലഭ്യമായിരുന്നെങ്കിലോ? രസമുള്ള ചിന്ത, അല്ലേ? അതത്ര എളുപ്പമല്ല എന്നു വ്യക്തം. അസാദ്ധ്യമെന്നു പോലും തോന്നാം. എന്നാൽ ഇതത്ര അസാദ്ധ്യമല്ല എന്നവർ പറയും. മാത്രമല്ല ചില ചെറിയ സമൂഹങ്ങളിൽ നടപ്പാക്കിയിട്ടുള്ളതു് കാണിക്കുകയും ചെയ്യും.

ഇങ്ങനെ സ്വതന്ത്ര സോഫ്റ്റ്‌വെയർ എന്നുള്ള ആശയം മറ്റു പല രംഗങ്ങളിലും കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ടു്. ഇനിയെവിടെയൊക്കെ മാറ്റങ്ങൾക്കിടയാക്കും എന്നും നിശ്ചയമില്ല. പക്ഷെ ഒരു കാര്യം വ്യക്തം. സാങ്കേതികവിദ്യയിൽ മാറ്റങ്ങളുണ്ടാകുമ്പോൾ നമ്മുടെ നിയമങ്ങളിലും മാറ്റങ്ങളുണ്ടായെങ്കിലേ അതിന്റെ പൂർണ്ണ പ്രയോജനം സമൂഹത്തിനു ലഭിക്കൂ.

---

(ഈ ലേഖനം ക്രിയേറ്റീവ് കോമൺസ് Attribution Share Alike (by sa) 2.5 India ലൈസൻസിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. ഈ കുറിപ്പുകൂടി ഉൾപ്പെടുത്തുന്ന പക്ഷം ഈ ലേഖനം ഏതു മാധ്യമത്തിലും ഇതേ രൂപത്തിലോ മാറ്റം വരുത്തിയോ പ്രസിദ്ധീകരിക്കുന്നതിനു് പ്രത്യേക അനുവാദം ആവശ്യമില്ല. ലൈസൻസിനേക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ http://creativecommons.org/licenses/by-sa/2.5/in/ എന്ന വെബ് പേജിൽ ലഭ്യമാണു്)

### ഗ്നു ലൈസൻസുകൾ

രണ്ടു ലൈസൻസുകളാണ് ഗ്നുവിൽ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നത്. ഗ്നു ജി.പി.എൽ. എന്നറിയപ്പെടുന്ന General Public Licence ആണ് ആദ്യത്തേത്. സോഫ്റ്റ്‌വെയർ എന്താവശ്യത്തിനും ഉപയോഗിക്കാനും മറ്റുള്ളവർക്ക് പകർന്നുകൊടുക്കാനും പഠിച്ച് മാറ്റം വരുത്താനും പുനർവിതരണം ചെയ്യാനും ഉള്ള സ്വാതന്ത്ര്യം ഈ ലൈസൻസു തരുന്നു. എല്ലാ സ്വതന്ത്ര സോഫ്റ്റ്‌വെയറും ജി.പി.എൽ. അനുസരിച്ചു തന്നെയല്ല വിതരണം ചെയ്യുന്നത്. ഇതുപോലത്തെ, എന്നാൽ വിശദാംശങ്ങളിൽ മാറ്റമുള്ള, മറ്റു ലൈസൻസുകളുമുണ്ട്. BSD Licence, Apache Licence, Mozilla Licence തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഇവയെല്ലാം സ്വതന്ത്ര സോഫ്റ്റ്‌വെയർ ലൈസൻസുകളാണ്.

സോഫ്റ്റ്‌വെയർ മാത്രം സ്വതന്ത്രമായാൽ പോരാ, അതിനേപ്പറ്റി വിവരിക്കുന്ന രേഖകളും സ്വതന്ത്രമാകണം എന്നു സ്റ്റാൾമാൻ തീരുമാനിച്ചു. അതിനുവേണ്ടിയാണ് ഗ്നു Free Documentation Licence (FDL) എന്നൊരു ലൈസൻസുകൂടി അദ്ദേഹം രൂപകല്പന ചെയ്തത്. ഇതനുസരിച്ച് അത്തരം രേഖകളിൽ മാറ്റം വരുത്താനും പുനപ്രസിദ്ധീകരിക്കാനുമുള്ള സ്വാതന്ത്ര്യം ഉപയോക്താക്കൾക്കുണ്ട്. സോഫ്റ്റ്‌വെയറിനെ സംബന്ധിക്കുന്ന രേഖകൾക്കുവേണ്ടി സൃഷ്ടിച്ചതാണെങ്കിലും ഈ ലൈസൻസ് മറ്റാവശ്യങ്ങൾക്കു വേണ്ടിയും ഉപയോഗപ്പെടുത്തുന്നുണ്ട്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട ഉപയോഗം വിക്കിപ്പീഡിയയിലാണെന്നു പറയാം. അതിലെ എല്ലാ ലേഖനങ്ങളും ഗ്നു FDL അനുസരിച്ചാണ് വിതരണം ചെയ്തിരിക്കുന്നത്.